(ബി) വിധവകളുടെ പുനർവിവാഹത്തിന് ഇതിനകം എത്രപേർക്ക് ധന സഹായം നൽകിയിട്ടുണ്ട്; വിധവകളുടെ ശാക്തീകരണത്തിനും പുനരധിവാസത്തിനുമായി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോ;

(സി) പുനർവിവാഹം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുമോ ?

ഉത്തരം

(എ&ബി) വിധവകളുടെ പുനർ വിവാഹം പ്രോത്സാഹിപ്പിക്കുന്നതിനായി മംഗല്യ എന്ന പേരിൽ ഒരു ധനസഹായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ദാരിദ്ര്യ രേഖയ്ക്ക്താഴെയുള്ള 18 വയസ്സിനും 50 വയസ്സിനുമിടയിൽ പ്രായമുള്ള പുനർ വിവാഹം ചെയ്ത വിധവകൾക്ക് പുനരധിവാസത്തിന്റെ ഭാഗമായി 25.000 രൂപ അനുവദിച്ചുവരുന്നു. 2008-09 സാമ്പത്തിക വർഷം 101 പേർക്കും 2009-10 സാമ്പത്തിക വർഷം 306 പേർക്കും ടി ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) വിധവകളുടെ പുനർവിവാഹം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സാമൂഹ്യക്ഷേമ വകുപ്പിന്റെ നെറ്റ് വർക്കിലൂടെ പ്രചാരണ പരിപാടികൾ നടത്തിയിട്ടുണ്ട്. കൂടാതെ പത്രമാധ്യമങ്ങളിലൂടെ ആവശ്യമായ പ്രചാരണ പരിപാടികൾ നടത്തിയിട്ടുണ്ട്. കൂടാതെ പത്രമാദ്ധ്യമങ്ങളിലൂടെ ആവശ്യമായ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**വരുമാന പരിധി നിശ്ചയിക്കാതെ വികലാംഗ പെൻഷൻ അനുവദിക്കാൻ നടപടി**

12(2105) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 60 ശതമാനമോ അതിൽ കൂടുതലോ വൈകല്യമുള്ളവർക്ക് വരുമാനപരിധി കണക്കാക്കാതെ തന്നെ വികലാംഗ പെൻഷൻ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ, ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല

(ബി) ബാധകമല്ല.

**വികലാംഗർക്കുള്ള തിരിച്ചറിയൽ കാർഡ്**

13(2107) ശ്രീ. ബാബു എം. പാലിശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര വികലാംഗരുള്ളതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly